STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 2342950, 2342271, 2342369 email : scolekerala@gmail.com

No. DCA/4276/20/SCOLE-Kerala Date: 27.11.2021

## പുന:പ്രവേശന മാർഗ്ഗനിർദ്ദേശങ്ങൾ

1. ഡി.സി.എ കോഴ്സിൽ ഒരു ബാച്ചിൽ ചേർന്ന ശേഷം ആ ബാച്ചിന്റെ സമ്പർക്ക ക്ലാസ്സിൽ പങ്കെടുക്കാത്തവർ നിശ്ചിത ഹാജർ കുറവിനാൽ ഡി.സി.എ പൊതു പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർ എന്നിവർക്ക് മൂന്ന് വർഷം വരെ തുടർ ബാച്ചുകളിലെ സമ്പർക്ക ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് പുന:പ്രവേശനം അനുവദിക്കും.
2. സ്കോൾ-കേരള ഡി.സി.എ അഞ്ചാം ബാച്ച് മുതലുള്ള വിദ്യാർത്ഥികൾക്ക് ഡി.സി.എ ഏഴാം ബാച്ചിൽ ഓൺലൈനായി പുന:പ്രവേശനം അനുവദിക്കുന്നതാണ്.
3. പുന:പ്രവേശനത്തിനുള്ള അപേക്ഷയോടൊപ്പം സമ്പർക്ക ക്ലാസ്സുകളിൽ പങ്കെടുത്തിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള പഠനകേന്ദ്രം പ്രിൻസിപ്പാളിന്റെ കത്ത് ഹാജരാക്കേണ്ടതാണ്.
4. പുന: പ്രവേശന ഫീസ് 500/- രൂപ യാണ് കൂടാതെ കോഴ്സ് ഫീസ് പൂർണ്ണമായും ഒടുക്കാത്ത വിദ്യാർത്ഥികൾക്ക് പുന:പ്രവേശന ഫീസിനോടൊപ്പം അവർ ആദ്യപ്രവേശനം നേടിയപ്പോഴത്തെ ഫീസ് കുടിശ്ശിക തുക കൂടി ഒടുക്കേണ്ടതാണ്.

## അപേക്ഷിക്കേണ്ട വിധം

1. സ്കോൾ-കേരള ഡി.സി.എ അഞ്ചാം ബാച്ച് മുതലുള്ള വിദ്യാർത്ഥികൾക്ക് ഡി.സി.എ ഏഴാം ബാച്ചിൽ സ്കോൾ-കേരള വെബ് സൈറ്റ് (wwwscolekerala.org) മുഖാന്തിരം പുനപ്രവേശനത്തിന് അഡ്മിഷൻ സ്യൂട്ടിൽ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

2 ഓൺലൈൻ രജിസ്ട്രേഷൻ ഒന്നോ രണ്ടോ ഘട്ടങ്ങളായി പൂർത്തിയാക്കാവുന്നതാണ്. വിദ്യാർത്ഥികളുടെ മുൻ അഡ്മിഷൻ നമ്പറും ബാച്ചും രേഖപ്പെടുത്തുമ്പോൾ അവരവരുടെ മുൻ രജിസ്ട്രേഷൻ വിശദാംശങ്ങൾ retrieve ചെയ്ത് വരുന്ന വിധമാണ് അഡ്മിഷൻ സ്യൂട്ട് ക്രമീകരിച്ചിട്ടുള്ളത്. ഇപ്രകാരം retrieve ചെയ്ത് വരുന്ന വ്യക്തിഗത വിവരങ്ങളിൽ ക്രമ നം. 15 മുതൽ 21 വരെയുള്ള ഫീൽഡുകൾ എഡിറ്റ് ചെയ്യുന്നതിനുള്ള ഓപ്ഷൻ വിദ്യാർത്ഥികൾക്ക് ലഭ്യമാണ്.

3. വിദ്യാർത്ഥികൾ പ്രവേശനം നേടിയ ബാച്ചിൽ പിൻതുടർന്നുവന്ന സിലബസ് ഭേദഗതി വരുത്തി പരിഷ്കരിച്ചിട്ടുണ്ട്. പുനപ്രവേശനം നേടുന്ന വിദ്യാർത്ഥികൾ പരിഷ്കരിച്ച സിലബസ പ്രകാരമുള്ള സമ്പർക്ക ക്ലാസിൽ പങ്കെടുത്ത് പൊതുപരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. അപേക്ഷയോടൊപ്പം സന്നദ്ധത അറിയിച്ചുകൊണ്ട് സമ്മതപത്രം ഹാജരാക്കേണ്ടതാണ്.

4 വിദ്യാർത്ഥികളുടെ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തി ഓൺലൈൻ മോഡിൽ ഫീസ് ഒടുക്കിയവർ ഒന്നാം ഘട്ടമായും ഓഫ് ലൈൻ മോഡിൽ ഫീസ് ഒടുക്കിയവർ രണ്ട് ഘട്ടങ്ങളിലുമായാണ് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടത്. ഓഫ്ലൈൻ മോഡ് തെരഞ്ഞെടുക്കുന്നവർക്ക് ചെലാൻ ജനറേറ്റ് ചെയ്ത് പ്രിന്റ് എടുക്കുന്നത് വരെയുള്ള ഒന്നാം ഘട്ടം. ജനറേറ്റ് ചെയ്ത ചെലാൻ ഉപയോഗിച്ച് ഏതെങ്കിലും പോസ്റ്റ് ഓഫീസിൽ ഫീസ് ഒടുക്കിയ ശേഷം ഫീസ് അടച്ച തീയതി, പോസ്റ്റ് ഓഫീസിന്റെ പേര്, ഫീസ് ഒടുക്കുമ്പോൾ പോസ്റ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന രസീതിന്റെ ഇൻവോയിസ് നമ്പർ എന്നിവ രേഖപ്പെടുത്തിയ ശേഷം അപേക്ഷ confirm ചെയ്ത് പ്രിന്റ എടുക്കുന്നതുവരെയുള്ള രണ്ടാംഘട്ടം

5 അപേക്ഷ confirm ചെയ്തതിനുശേഷം പ്രിന്റ് ഔട്ട് എടുത്ത് ഒറിജിനൽ ചെലാനും യോഗ്യത ( എസ്.എസ്.എൽ.സി/തത്തുല്യം) തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, സമ്പർക്ക ക്ലാസ്സുകളിൽ പങ്കെടുത്തിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള പഠനകേന്ദ്രം പ്രിൻസിപ്പാളിന്റെ കത്ത് എന്നിവ സഹിതം നിശ്ചിത തീയതിക്കുള്ളിൽ സ്കോൾ-കേരള സംസ്ഥാന ഓഫീസിൽ നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കണം. വിലാസം- എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-12

C1/E/SCOLE/DCA/LettersMal/424

COUNCIL FOR OPEN AND LIFELONG EDUCATION
Vidhya Bhavan
Poojappura
Thiruvananthapurm
695012

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻചാർജ്